## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 6619** **21.11.2019 -ൽ മറുപടിയ്ക്ക്**

## ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ പി ഉബൈദുള്ള :** | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടെ ഗൃഹശ്രീ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടെ ഗൃഹശ്രീ പദ്ധതി നിർത്തലാക്കിയിട്ടില്ല.<br>2017-18, 2018-19 വർഷത്തെ ബജറ്റിൽ ഗൃഹശ്രീ പദ്ധതിയ്ക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 19/10/2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും, എൽ.എസ്.ജി.ഡി അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പ്രകാരം എത്രപേർക്ക് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ടെന്നും കിട്ടിയ അപേക്ഷകളുടെ എണ്ണവും വർഷം തിരിച്ച് വ്യക്തമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 490 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻപ് ഗഡുക്കൾ നൽകിയിരുന്ന 668 പേർക്ക് എല്ലാ ഗഡുക്കളും അനുവദിക്കുകയും ചെയ്തിട്ടുണ്ട് (4 ഗഡുക്കൾ). 2017-18, 2018-19, 2019-20 വർഷങ്ങളിൽ നാളിതുവരെ ലഭിച്ച അപേക്ഷകൾ വർഷം തിരിച്ചുള്ള വിവരം ചേർക്കുന്നു. |

| വർഷം | സ്പോൺസർമാരുടെ എണ്ണം (വ്യക്തികൾ /സംഘടനകൾ) | അപേക്ഷിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 2017-18 | 213 | 2914 |
| 2018-19 | 81 | 874 |
| 2019-20 | 10 | 12 |
| ആകെ | 304 | 3800 |

Subha S

സെക്ഷൻ ഓഫീസർ